(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-13/1028/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ-685584

ഇ-മെയിൽ-doidk.ksad@kerala.gov.in

തീയതി.30.01.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- **ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്**-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്-

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2) എ.ഡി.സി, ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-13/1028/2019 തീയതി:30.01.2020

# ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.02.2019 മുതൽ 21.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഏഴ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മൂന്നെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ടി.എൽ.സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2019 മുതൽ 29.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ.മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. മേജോ.കെ.ജോർജ്ജ്, സി.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ. അഗസ്റ്റി അഴകത്ത് | 01.04.2018 മുതൽ 19.02.2019 വരെ |
| ശ്രീ. റെജി മുക്കാട്ട് | 20.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | |
| ശ്രീ. ടി.സി.ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | |
| ശ്രീ. ബിജു വേലായുധൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | |
| ശ്രീ. കെ.കെ.അയ്യപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കഞ്ഞിക്കുഴി | |
| ഡോ. സരീഷ് ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി വാത്തിക്കുടി | |
| ഡോ. രാഹുൽ രാമചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | |
| ശ്രീ. കെ.പി സെലീനാമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | |
| ശ്രീമതി. ശാലിനി പ്രഭ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | |
| ശ്രീ. സതീശൻ പി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികവർഗ്ഗ വികസന ഓഫീസർ | |
| ശ്രീമതി. ലിജി കെ.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | |
| ഡോ. ക്രിസ്റ്റി ജെ തുണ്ടിപ്പറമ്പിൽ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി | 1-12 |
| 13 | നിർവ്വഹണ വേളയിൽ പദ്ധതികളിൽ മാറ്റം വരുത്തുന്നു | 1-13 |
| 14 | അടങ്കൽ തുക കുറഞ്ഞ പ്രവൃത്തികൾ ധാരാളമായി ഏറ്റെടുക്കുന്നു. | 1-14 |
| 15 | ഭരണസമിതി അംഗീകാരം ഇല്ലാതെ എസ്റ്റിമേറ്റുകൾ പുതുക്കുന്നു | 1-15 |
| 16 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം നൽകൽ-വാഹന രജിസ്ട്രേഷൻ, ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 17 | ആവശ്യകത മുൻകൂട്ടി നിർണയിക്കാതെ പല പ്രോജക്ടുകളിലായി സാധനങ്ങൾ വാങ്ങുന്നു. | 1-17 |
| 18 | കാഞ്ഞാർ വാട്ടർഷെഡ് തീം പാർക്ക് നവീകരണം-പാഴ്ച്ചെലവ് | 1-18 |
| II | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| III | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| IV | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 19 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 20 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 23 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 24 | സ്ഥിര നിക്ഷേപം | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| V | അനുബന്ധം | |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 31 | ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയുടെ സംഗ്രഹം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21.03.2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ ₹19,01,90,999/- വരവും ₹17,87,80,740/- ചെലവും 1,14,10,259/- രൂപ മിച്ചവും വരുന്ന 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് അവതരിപ്പിച്ചു. 26.03.2018 പഞ്ചായത്ത് കമ്മിറ്റിയുടെ 2-1 തീരുമാന പ്രകാരം അംഗീകരിച്ചു. എന്നാൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ബജറ്റ് അവതരിപ്പിച്ചിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പുതുക്കിയ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 29.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43092496 |
| വരവ് | 88953694 |
| ആകെ | 132046190 |

| | |
|---|---|
| ചെലവ് | 89854592 |
| നീക്കിയിരിപ്പ് | 42191598 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 54735000 | 54735000 | 47196696 | 7538304 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5014000 | 5014000 | 4298485 | 715515 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 6978000 | 6978000 | 5854362 | 1123638 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6483000 | 6483000 | 6469648 | 13352 |
| ഐ.എ.വൈ-ജനറൽ | 98295 | 0 | 98295 | 30133 | 68162 |
| ടി.എസ്.ഡി | 993668 | 50231 | 1043899 | 0 | 1043899 |
| ഐ.ഡബ്ല്യു.എം.പി | 187943 | 11037915 | 11225858 | 2704661 | 8521197 |
| കേന്ദ്ര ഫണ്ട് | 0 | 17500 | 17500 | 17500 | 0 |
| പശ്ചിമഘട്ടം | 4820 | 506 | 5326 | 253 | 5073 |
| എസ്.എച്ച്.എം | 636416 | 0 | 636416 | 0 | 636416 |
| കുടിവെള്ളം | 553182 | 0 | 553182 | 220003 | 333179 |
| സംസ്ഥാന വിഹിതം | 62 | 0 | 62 | 0 | 62 |
| സാക്ഷരത | 205715 | 15718 | 221433 | 7859 | 213574 |
| കുടിവെള്ളം | 7319 | 0 | 7319 | 0 | 7319 |
| കേന്ദ്രാവിഷ്കൃതം | 3045465 | 4887162 | 7932627 | 1563227 | 6369400 |
| മറ്റ് ഏജൻസികൾ | 27534 | 0 | 27534 | 0 | 27534 |
| ക്ഷേമം | 113731 | 0 | 113731 | 113731 | 0 |
| ഗ്രാമപഞ്ചായത്ത് | 300000 | 0 | 300000 | 300000 | 0 |
| ജില്ല പഞ്ചായത്ത് | 17238852 | 0 | 17238852 | 14773352 | 2465500 |
| ഗ്രാമപഞ്ചായത്ത് | 12769386 | 1158340 | 13927726 | 0 | 13927726 |
| ജില്ല പഞ്ചായത്ത് | 1092000 | 0 | 1092000 | 1092000 | 0 |
| ഗുണഭോക്തൃ വിഹിതം | 1762816 | 1451575 | 3214391 | 1070200 | 2144191 |
| മറ്റ് ഗ്രാന്റുകൾ | 307551 | 0 | 307551 | 307551 | 0 |
| അവാർഡ് | 3747741 | 0 | 3747741 | 0 | 3747741 |
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 0 | 4012000 | 4012000 | 4012000 | 0 |
| ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ | | | | | |
| കാനറ-ലൈഫ് | 5444235 | 10593204 | 16037439 | 8350145 | 7687294 |
| എസ്.സി.ബി-തനത് | 2492587 | 2378876 | 4871463 | 2689131 | 2182332 |
| എസ്.സി.ബി | 0 | 1000000 | 1000000 | 841214 | 158786 |
| ട്രഷറി-തനത് | 1245405 | 5793610 | 7039015 | 5881213 | 1157802 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി-സാക്ഷരത | 221631 | 7859 | 229490 | 0 | 229490 |
| എസ്.ബി.ടി-പൈക | 117968 | 4184 | 122152 | 0 | 122152 |
| യു.ബി.ഐ-ഹാഡ | 321685 | 99838 | 421523 | 88344 | 333179 |
| എസ്.സി.ബി-ഇ.എം.എസ് | 3736 | 131 | 3867 | 25 | 3842 |
| യു.ബി.ഐ-ഐ.എ.വൈ | 31837 | 0 | 31837 | 31837 | 0 |
| യു.ബി.ഐ-ഐ.എ.വൈ പ്ലാൻ | 28001621 | 1275780 | 29277401 | 12902108 | 16375293 |
| യു.ബി.ഐ-ഐ.എ.വൈ അഡ്മിൻ | 36331 | 140597 | 176928 | 140463 | 36465 |
| യു.ബി.ഐ-ഐ.എ.വൈ-ഐ.എച്ച്.എച്ച്.എൽ | 48060 | 1704 | 49764 | 0 | 49764 |
| യു.ബി.ഐ-ഡബ്ല്യു.ഡി.ജി.പി | 1080684 | 5118782 | 6199466 | 2465000 | 3734466 |
| യു.ബി.ഐ-എ.എ.വൈ സംസ്ഥാന വിഹിതം | 7124 | 253 | 7377 | 0 | 7377 |
| യു.ബി.ഐ-അവാർഡ് | 852368 | 145911 | 998279 | 455830 | 542449 |
| യു.ബി.ഐ-എസ്.എച്ച്.ജി | 5613 | 198 | 5811 | 0 | 5811 |
| യു.ബി.ഐ-ഐ.ഡബ്ല്യു.എം.പി | 187943 | 11077375 | 11265318 | 2744121 | 8521197 |
| ഡി.സി.ബി | 993668 | 50231 | 1043899 | 0 | 1043899 |

പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കുകൾ പ്രകാരമാണ് ഫണ്ട് വിനിയോഗം തയ്യാറാക്കിയിട്ടുള്ളത്. വിവിധ ഇനങ്ങളിൽ ലഭിച്ച തുക കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യിട്ടില്ലാത്തതിനാലും, ഗ്രാന്റുകളിൽ പലിശ വരവ് ഉൾപ്പെടുത്തിയിട്ടുള്ളതിനാലും വരവ്- ചെലവിന്റെ കൃത്യത വ്യക്തമല്ല. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിൽ നിർവ്വഹണത്തിലും മോണിറ്ററിംഗിലും വിവിധ കമ്മിറ്റികളുടെ യഥാസമയത്തുള്ള ഇടപെടലും നിർദ്ദേശങ്ങളും ഇല്ലാത്തതിനാൽ 2018-19 വാർഷിക പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 113946852 | 101 | 64330372 | - | 31 | 76.52 |

2018-19 വാർഷിക പദ്ധതി ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

2018-19 പദ്ധതി തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, പദ്ധതി മാർഗ്ഗരേഖ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ വിഭാവനം ചെയ്യിട്ടുള്ള പ്രകാരം പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനും പൂർണമായും സാധിച്ചിട്ടില്ല. ആസൂത്രണസമിതി കൂടിയതിന്റെ വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കിയത് പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കാതെയാണ്.

### വർക്കിംഗ് ഗ്രൂപ്പുകൾ

2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണ ചേർന്നിട്ടുണ്ട്. എന്നാൽ, വർക്കിംഗ് ഗ്രൂപ്പുകളിൽ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് അനുസൃതമായി ക്രിയാത്മകമായ ചർച്ചകൾ നടന്നിട്ടില്ല.

### സ്റ്റാന്റിംഗ് കമ്മറ്റികൾ

05.02.2018-ൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ 2018-19 വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ, വികസന സെമിനാർ എന്നിവ നടത്തിയതിന്റെ വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി രേഖ തന്നെ അന്തിമ പദ്ധതി രേഖ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

### പദ്ധതി ഭേദഗതി

2018-19ൽ അംഗീകാരം ലഭിച്ച നിരവധി പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നത് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ്. കൂടാതെ, പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുമുണ്ട്.

### പദ്ധതി നിർവ്വഹണം

2018-19 വാർഷിക പദ്ധതിയിൽ 29സ്പിൽ ഓവർ പ്രോജക്ടുകളും (അടങ്കൽ-₹ 27418294/-) 102 പുതിയ പ്രോജക്ടുകളും (അടങ്കൽ-₹ 85528558/-) ഒരു ബഹുവർഷ പ്രോജക്ടുമാണ്. (അടങ്കൽ-₹ 1000000/-). അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 26 സ്പിൽ ഓവർ പ്രോജക്ടുകളിലായി ₹ 16154788യും 60 പുതിയ പ്രോജക്ടുകളിലായി ₹ 47175584 രൂപയും ബഹുവർഷ പ്രോജക്ടിൽ ₹ 1000000യും ചെലവഴിച്ചു. ആകെ പദ്ധതി അടങ്കലിന്റെ 56.46ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സുലേഖ പത്രിക പ്രകാരമുള്ള വിവിധ വിഭവസ്രോതസുകളും അവയുടെ ചെലവിന്റെ വിശദാംശങ്ങളും ചുവടെ കൊടുക്കുന്നു.

| വിഭവ സ്രോതസ് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 73594398 | 47196696 |
| വികസന ഫണ്ട്-പട്ടികജാതി പദ്ധതി | 5299814 | 4298485 |
| വികസന ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതി | 8078000 | 5854362 |
| തനത് ഫണ്ട് | 1144139 | 511181 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1850000 | 0 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 11426966 | 6469648 |
| മറ്റുള്ളവ | 12553535 | 0 |
| ആകെ | 113946852 | 64330372 |

ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുള്ളത് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.

### വാർഷിക പദ്ധതി നേട്ടങ്ങളും കോട്ടങ്ങളും

ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച 23 പ്രോജക്ടുകളിൽ 16 എണ്ണം മാത്രമേ നടപ്പാക്കിയുള്ളൂ. സേവന മേഖലയിൽ ആവിഷ്കരിച്ച 49 പ്രോജക്ടുകളിൽ 37 എണ്ണം നടപ്പാക്കി (75 ശതമാനം). പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച 77 ശതമാനം പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ, നിർമ്മാണ പ്രോജക്ടുകളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെ എസ്റ്റിമേറ്റുള്ളതാണ്. പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച 15 പ്രോജക്ടുകളിൽ പത്തെണ്ണം നടപ്പാക്കിയിട്ടുണ്ട്.

### പദ്ധതി മോണിറ്ററിംഗ്

വാർഷിക പദ്ധതിയുടെ മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ, 2018-19 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് യോഗമല്ലാതെ നിർവ്വഹണ പുരോഗതി വിലയിരുത്തി ഉചിത നിർദേശങ്ങൾ നൽകുന്നതിനും യഥാസമയം മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും യോഗങ്ങൾ ചേർന്നിട്ടില്ല. പദ്ധതി നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും ക്രിയാത്മകമായി ഇടപെടേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് 200/- (ഇരുന്നൂറ് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രവും ഫ്രണ്ട് ഓഫീസും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധ വരവുകൾ കൃത്യമായ ഹെഡുകളിൽ ആക്കൗണ്ട് ചെയ്യുന്നില്ല. കൃത്യമായി വിശദീകരണം നൽകി രസീതുകൾ പോസ്റ്റ് ചെയ്യേണ്ടതാണ്. റോഡ് റോളർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം രജിസ്റ്ററുകൾ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തികളുടെയും സ്റ്റോക്കുകളുടെയും വാർഷിക ഭൗതിക പരിശോധന നടത്തുന്നില്ല.

ഓഫീസ് ഓർഡർ വഴി ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമതിയും ജാഗ്രത പുലർത്തേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യുന്നതിനും അധികമായാൽ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കണം. ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ നടപടി സ്വീകരിക്കുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികൾ 24.03.2018ന് 2018-19 പദ്ധതിക്കുള്ള പ്രോജക്ടുകൾ ജനറൽ കമ്മറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.06.2018-29.06.2019 | 2017-18 | 26.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2015-26.02.2015 | 2013-14 വരെ | 11.05.2019 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. റോഡ് റോളർ വാടക രജിസ്റ്റർ പ്രകാരം ₹24500/- വാടക ലഭിച്ചിട്ടുണ്ട്. എന്നാൽ, വാർഷിക കണക്കുകളിൽ റോഡ് റോളർ വാടക ശീർഷകത്തിൽ

₹21000/-യാണ് വരവുള്ളത്. ₹3500/- മറ്റ് വാടക എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

2. ആസ്തി ബാധ്യത പത്രികയിലെ ബി-4 ഷെഡ്യൂളിൽ 31.03.2019ൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിലെ തുകകളുടെ കൃത്യതയും അവ നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടുകളും വ്യക്തമല്ല.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100110 | 68162 |
| 2 | 320100123 | 636416 |
| 3 | 320200399 | 6369400 |
| 4 | 320700205 | 2465500 |
| 5 | 320800101 | 2144191 |
| 6 | 320900199 | 3747741 |

3. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ₹13359556/-യുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളത് (ആർ.പി.-38) ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹2682753/- രേഖപ്പെടുത്തിയിട്ടുള്ളത് ഐ-17(എ) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, ചട്ടം 58 പ്രകാരമല്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ആസ്തി ബാധ്യത പത്രികയിൽ ഡെപ്പോസിറ്റ് തുകയായ ₹374135/-ന്റെ കൃത്യത വ്യക്തമല്ല.

## 1-12 സഹായഹസ്തം-ഡയാലിസിസിന് ധനസഹായം-അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി

കഞ്ചിക്കോട് സി എച്ച് സി മെഡിക്കൽ ഓഫീസർ ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് ധനസഹായം നൽകുന്നതിനായി 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ 60/19-അടങ്കൽ - ₹14ലക്ഷം

കാമാക്ഷി ഗ്രാമ പഞ്ചായത്ത് – ₹ 2 ലക്ഷം

കഞ്ചിക്കോട് ഗ്രാമ പഞ്ചായത്ത് - ₹ 2ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് - ₹10ലക്ഷം

ആകെ - ₹ 14ലക്ഷം

<u>ചെലവ്</u>

| ബിൽ നമ്പരും തീയതിയും | തുക |
|---|---|
| 6/6.8.2018 | ₹ 69850/- |
| 9/15.10.2018 | ₹ 277320/- |
| 14/23.01.2019 | ₹388950/- |
| | |

| | |
|---|---|
| 19/30.03.2019 | ₹263250/-<br>(ക്യൂ ബിൽ) |
| ആകെ | ₹999370/- |

പ്രോജക്ട് നമ്പർ 93/19 (സ്പിൽ ഓവർ)-അടങ്കൽ -₹ 30ലക്ഷം

ഗ്രാമ പഞ്ചായത്ത് – ₹10ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് - ₹20ലക്ഷം

ചെലവ്

ബിൽ നമ്പർ 5/06.8.2019 ₹ 313900/-

രണ്ടു പദ്ധതികളിലായി ₹ 1313270/- തൻവർഷം ഡയാലിസിസിന് വിധേയരായ വൃക്ക രോഗികൾക്ക് നേരിട്ട് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 60/19-ൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 4 ലക്ഷം രൂപയും പ്രോജക്ട് നമ്പർ 93/19-ൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും സംയുക്ത പ്രോജക്ട് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ യാതൊന്നും പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഹിതം ഒന്നും ലഭിച്ചിട്ടുമില്ല. പ്രോജക്ട് നമ്പർ 93/19-ൽ 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ ഗ്രാമപഞ്ചായത്തു കളെന്ന് വ്യക്തമാക്കിയിട്ടില്ല.

29.03.2017 ലെ ജി .ഒ (എം.എസ്) നം.72/2017/തസ്വഭവ പ്രകാരം 2017-2018 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗരേഖയിൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാമായിരുന്നു. എന്നാൽ 2018-2019 വർഷത്തേക്ക് ബാധകമായ 29.01.2018 ലെ ജി.ഒ (എം.എസ്) നം.11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ ഇപ്രകാരമുള്ള പദ്ധതി ഏറ്റെടുക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതുമായ പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3)ക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹1313270/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കുവാൻ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-13 ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി.

1)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | :- | 142/19പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കറവപ്പശു വിതരണം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :- | പട്ടികവർഗ്ഗ വികസന ഓഫീസർ | |
| അടങ്കൽ | :- | ₹600000/- | |
| ബിൽ നം./തുക | | 1/23.2.19- ₹100000/-<br>2/26.02.19 - ₹100000/-<br>3/1.3.19- ₹100000/-<br>4/5.3.19- ₹100000/-<br>5/15.3.19- ₹100000/-<br>6/27.3.19 – ₹90000/-<br>ചെക്ക് നം.0303416/27.3.19-₹10000/- | |
| | | ആകെ = ₹60000/- | |
| ഗുണഭോക്താവിന്റെ പേര്/ നൽകിയ തുക | :- | സോഫി ലൂയീസ് | 50000 |
| | | ജാൻസി തോമസ് | 50000 |
| | | രാജൻ എൻ.കെ | 50000 |
| | | നിശീഥിനി | 50000 |
| | | | |

| | | | |
|---|---|---|---|
| | | പത്മിനി റ്റി.എൻ | 50000 |
| | | പുഷ്പമണി പുത്തൻപുരയ്ക്കൽ | 50000 |
| | | ആനിമോൾ ജോസഫ് | 50000 |
| | | ശ്രീധരൻ വെള്ളായിക്കാട്ട് | 50000 |
| | | മിനി ജയകുമാർ | 50000 |
| | | അന്നമ്മ ഐസക് | 50000 |
| | | സൂസമ്മ ബാലകൃഷ്ണൻ | 50000 |
| | | രാഘവൻ കെ.ജി. | 50000 |
| | | **ആകെ** | 600000 |

2)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | :- | 143/19പട്ടികജാതിയിൽപ്പെട്ടവർക്ക് കറവപ്പശു വിതരണം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :- | പട്ടികജാതി വികസന ഓഫീസർ | |
| അടങ്കൽ | :- | ₹280200/- | |
| ബിൽ നം./തുക | | 1/23.2.19 – ₹70000/-<br>2/27.2.19 – ₹70000/-<br>3/12.3.19 – ₹35000/-<br>1/3.5.19 - ₹25000/-<br>ചെക്ക്നം.0303422/27.3.19- ₹10000/- | |
| | | **ആകെ** = ₹210000/- | |
| ഗുണഭോക്താവിന്റെ പേര്/ നൽകിയ തുക | :- | തങ്കച്ചൻ പി.ജി.,അറക്കുളം | 35000 |
| | | രാംദാസ് പി.എം,മരിയാപുരം | 35000 |
| | | ഓമനക്കുട്ടൻ,കാമാക്ഷി | 35000 |
| | | വിനീത ജെയിംസ്,വാഴത്തോപ്പ് | 35000 |
| | | രാജൻ പി.സി,കഞ്ഞിക്കുഴി | 35000 |
| | | രാജൻ പി.പി, വാത്തിക്കുടി | 35000 |
| | | **ആകെ** | 210000 |

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഉപവകുപ്പ് 1 പട്ടിക 4 പ്രകാരവും തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.02.2018 -ലെ സർക്കാർ ഉത്തരവ് (കൈ) നം. 22/2018 തസ്വഭവ പദ്ധതി മാർഗ്ഗരേഖ അനുസരിച്ചും പശുവിതരണം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. 2018-ലെ അതിരൂക്ഷമായ പ്രളയത്തിൽ സംസ്ഥാനത്തെ കാലി സമ്പത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന കാര്യം പരിഗണിച്ച് 05/09/2018-ലെ കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റ് 22/10/2018-ൽ പുറപ്പെടുവിച്ച നം. 5484/ഡിപി 4/2018/സി ആർ ഡി സർക്കുലർ പ്രകാരം 2018-19 വർഷത്തിൽ മാത്രം നിബന്ധനകൾക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുവാൻ അനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് മാത്രം കാലികളെ വാങ്ങിക്കുന്നതിനും കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ബാങ്ക് ലോൺ ഉപയോഗിച്ച് പശുക്കളെ വാങ്ങുന്ന കർഷകർക്ക് ലോണിന്റെ പലിശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്നാണ് സർക്കുലറിൽ വ്യക്തമാക്കിയിരിക്കുന്നത്. അതായത് ക്ഷീര കർഷകർക്ക് പലിശരഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ ഇതിനു വിരുദ്ധമായിട്ടാണ് രണ്ട് പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ ഗുണഭോക്താക്കളും കാലികളെ വാങ്ങിയിട്ടുള്ളത് പരിസരപ്രദേശങ്ങളിൽ നിന്നാണ്. പട്ടികജാതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ₹35000/- വീതവും പട്ടികവർഗ്ഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ₹50000/- വീതവും പണമായി നല്കിയിരിക്കുകയാണ്. ഇത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പട്ടിക വർഗ്ഗത്തിൽപെട്ടവർക്ക് കറവപ്പശുവിനെ വിതരണം നടത്തുന്നതിനായി ചെലവഴിച്ച ₹600000/-യുടെയും പട്ടിക ജാതിയിൽ പെട്ടവർക്ക് കറവപ്പശുവിനെ വിതരണം നടത്തുന്നതായി ചെലവഴിച്ച ₹210000/-യുടെയും ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 നിർവ്വഹണ വേളയിൽ പദ്ധതികളിൽ മാറ്റം വരുത്തുന്നു.

താഴെപ്പറയുന്ന പൊതുമരാമത്തു പ്രവൃത്തികൾ ആവിഷ്കരിച്ചപ്പോഴും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയപ്പോഴും ടാറിംഗിനായിട്ടാണ് എസ്റ്റിമേറ്റ് എടുത്തത്. എന്നാൽ നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് പുതുക്കി റോഡ് കോൺക്രീറ്റിംഗാണ് നടത്തിയിട്ടുള്ളത്.

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|
| 24/19 | വാസുപ്പാറ -ചെമ്പകപ്പാറ റോഡ് ടാറിംഗ് | 500000 |
| 36/19 | ആനക്കൊമ്പൻ-പള്ളിപ്പടി -കുരിശുപാറ റോഡ് | 500000 |
| 28/19 | മുരിക്കാശേരി ആരാധനാമഠം ആറടിക്കെട്ട് റോഡ് | 500000 |

പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ശരിയായ തയ്യാറെടുപ്പുകൾ നടത്തുകയോ പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് ഏതുതരം പ്രവൃത്തികളാണ് ആ മേഖലയിൽ അനുയോജ്യം എന്ന് കണ്ടെത്തുകയോ ചെയ്യാത്തതിനാൽ ഇപ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടുന്ന സാഹചര്യത്തിലേയ്ക്ക് എത്തുന്നു. ടാറിംഗ് പ്രവൃത്തികളെക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ എടുക്കുവാൻ സാധ്യതയുള്ളവയാണ് കോൺക്രീറ്റ് പ്രവൃത്തികൾ. ആയതിനാൽ ടാറിംഗ് പ്രവൃത്തികൾ കോൺക്രീറ്റ് ആക്കേണ്ടുന്ന ഏതെങ്കിലും സാഹചര്യം ഉണ്ടായാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് പകരം പ്രവൃത്തി റി-ടെണ്ടർ നടത്തുകയാണെങ്കിൽ പഞ്ചായത്തിന് സാമ്പത്തിക ലാഭം ഉണ്ടാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ ശരിയായ തയ്യാറെടുപ്പുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സർക്കാർ ഉത്തരവിന് വിരുദ്ധമായി അടങ്കൽ തുക കുറഞ്ഞ പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

29/01/2018-ലെ (സ.ഉ(കൈ)നം 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയുടെ ഖണ്ഡിക 3.5.6 (1) ൽ ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 500000/-രൂപയെങ്കിലും അടങ്കൾ തുകയുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി ധാരാളം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതായി കാണുന്നു.ചില ഉദാഹരണങ്ങൾ ചുവടെ നല്കുന്നു.

| പ്രോജക്ട് നം | പ്രവൃത്തി | അടങ്കൽ |
|---|---|---|
| 43/19 | പ്രകാശ് കണ്ണൻചിറപ്പടി റോഡ് | 450000 |
| 45/19 | കോളനി ചട്ടിക്കുഴി റോഡ് | 494397 |
| 46/19 | കൊച്ചുപറമ്പിൽ കാറ്റാടിക്കവല റോഡ് | 494553 |
| 96/19 | പുഷ്പഗിരി ടോയ് ലറ്റ് | 322000 |
| 125/12 | റീത്തുപള്ളി കട്ടക്കാക്കണ്ടം റോഡ് | 460321 |
| 129/19 | കമ്പിളിവേലി പട്ടാളംപടി റോഡ് | 300000 |
| 130/19 | കൈതപ്പാറ തോട്ടിൽ കലുങ്ക് | 485000 |
| 131/19 | പിള്ളസിറ്റി അമ്പലക്കവല റോഡിൽ സംരക്ഷണഭിത്തി | 300000 |
| 132/19 | പള്ളിസിറ്റി ശാസ്താംപാററോഡിൽ കലുങ്ക് | 300000 |
| 133/19 | ഗുരുമന്ദിരം റോഡിൽ കലുങ്ക് | 300000 |
| 134/19 | പതിപ്പള്ളി ഞരളക്കാവ് ചക്കവര റോഡ് | 300000 |
| 135/19 | തിട്ടയിൽ ഫുട് ബ്രിഡ്ജ് | 300000 |
| 136/19 | പാണാപറമ്പിൽപടി കമ്പളാംപടി റോഡ് | 300000 |
| | | |

| | | |
|---|---|---|
| 137/19 | മറ്റംകവല-തമ്പുരാൻകുന്ന് റോഡ് | 300000 |
| 153/19 | പഴയരിക്കണ്ടം പുളിക്കപ്പടി റോഡ് | 200000 |
| 148/19 | ചന്ദനക്കവല-കാരിക്കവല റോഡ് | 300000 |
| 138/19 | മഠംപടി തമ്പുരാൻകുന്ന് റോഡ് | 300000 |
| 139/19 | മുണ്ടയ്ക്കൽപടി -മരുതുംപാറതണ്ട് റോഡ് | 300000 |
| 147/19 | ബഥേൽ ദൈവംമേട് റോഡിൽ കലുങ്ക് | 300000 |

ഇപ്രകാരം കുറഞ്ഞ തുകയുള്ള ധാരാളം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ കുറഞ്ഞ ജീവനക്കാർ മാത്രമുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് നിശ്ചിത സമയത്തിനുള്ളിൽ ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ വരും. മാത്രമല്ല തുക അപര്യാപ്തമായതിനാൽ പല പദ്ധതികളും പിന്നീട് ഉപേക്ഷിക്കേണ്ടതായും വരുന്നു.2018-19-ൽ 4,30,75,473/-രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും 29314317/-രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചതെന്നതും ഇവിടെ പ്രസക്തമാണ്.ആയതിനാൽ തുടർ വർഷങ്ങളിൽ മാനദണ്ഡങ്ങൾ പാലിച്ചുമാത്രം പദ്ധതികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഭരണസമിതി അംഗീകാരം ഇല്ലാതെ എസ്റ്റിമേറ്റുകൾ പുതുക്കുന്നു-ക്രമവിരുദ്ധം

പദ്ധതി നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രത്യേക സാഹചര്യത്താൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കുന്നതിന് ഭരണസമിതിയുടെ അനുമതി ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഇപ്രകാരമുള്ള അനുമതി കൂടാതെ റിവൈസ് ചെയ്തതായി കാണുന്നു.

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ബിൽനം/തുക |
|---|---|---|---|
| 60/18 (102/19) | തടിയമ്പാട് ബ്ലോക്ക് ഓഫീസ് ജംഗ്ഷൻ റോഡ് | 369000 | 27/27.12.18 ₹91044 |
| 42/19 | മൈലക്കുഴി അംഗണവാടി എസ്.റ്റി കോളനി റോഡ് | 530000 | 45/11.2.19 ₹529464 |
| 24/19 | വാസുപ്പാറ ചെമ്പകപ്പാറ റോഡ് | 500000 | 30/27.12.18 ₹497574 |

തുടർ വർഷങ്ങളിൽ ഭരണസമതിയുടെ അംഗീകാരമില്ലാതെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-17 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം നൽകൽ-വാഹന രജിസ്ട്രേഷൻ, ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കിയില്ല.

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 ൽ ₹24.80 ലക്ഷം അടങ്കലിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടാണ് ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം (128/2019). പദ്ധതിയ്ക്കായി ₹1868400/- ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.6/2018-19 തി. 26.3.2019). ടെണ്ടറിൽ കുറവ് തുക ക്വോട്ട് ചെയ്ത തൊടുപുഴ ടോപ്പ് ഗിയർ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 27 മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വാഹനത്തിന്റെ വിലയായി ₹1363500/- (50500x27), സൈഡ് ഫിറ്റിംഗിന് ₹324000 (12000x27), രജിസ്ട്രേഷന് ₹14985 (555x27) ഇൻഷ്വറൻസിന് ₹119064 (4409.7x27) ടോപ്ഗിയർ മോട്ടോഴ്സിന് നൽകിയിട്ടുണ്ട്. വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് ഫീസായി ₹70800/- ടോപ്പ് ഗിയർ, തൊടുപുഴക്ക് നൽകി. എന്നാൽ, സ്ഥാപനം വാഹനം രജിസ്റ്റർ ചെയ്തതിന്റെയും, ഇൻഷ്വർ ചെയ്തതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയ 15 ഗുണഭോക്താക്കൾ 50/- രൂപ ഫീസ് ഒടുക്കിയ വിവരങ്ങളാണ് ഉള്ളത്. എല്ലാ ഗുണഭോക്താക്കളുടെയും വാഹന രജിസ്ട്രേഷൻ ഫീസും ഇൻഷ്വറൻസും ടോപ്ഗിയർ എന്ന സ്ഥാപനം ഒടുക്കുവരുത്തിയെന്ന് ഉറപ്പാക്കേണ്ടതാണ്. സ്ഥാപനം രജിസ്ട്രേഷൻ ഫീസും

ഇൻഷ്വറൻസും ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്ത പക്ഷം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. വാഹനത്തിന്റെ രജിസ്ട്രേഷനും ഇൻഷ്വറൻസിനുമായി ചെലവഴിച്ച ₹134049/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കാത്ത 10 ഗുണഭോക്താക്കളിൽ നിന്നും ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ വാഹനം നൽകിയതും ക്രമവിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ,

| ക്രമ നം | പേര് | ഡ്രൈവിംഗ് ലൈസൻസ് | രജിസ്ട്രേഷൻ | ഇൻഷ്വറൻസ് |
|---|---|---|---|---|
| 1 | മൈക്കിൾ കെ.എം, കായമാക്കൽ, ആൽപ്പാറ | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 2 | ജിജി, പാലമൂട്ടിൽ, അട്ടക്കളം | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 3 | രമേശൻ, അസലക്കുന്നേൽ, മണിയാറൻകുടി | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 4 | ജോസ് സേവ്യർ, കവറുങ്കൽ, പാണ്ടിപ്പാറ | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 5 | തോമസ് വർക്കി, ഒരപ്പുറയ്ക്കൽ, പ്രകാശ് | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 6 | ചാക്കോ ഔസേപ്, നാരക്കാനം | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 7 | ഭാസ്കരൻ, പാമോലിക്കൽ, ജോസ്പുരം | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 8 | മുരുകൻ, കൊക്കോട്ടിൽ, വിമലഗിരി | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഉണ്ട്. 4374/- |
| 9 | ജോർജ്ജ് വർഗ്ഗീസ്, കാക്കുന്നേൽ, പാറേമാവ് | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 10 | സുരേഷ് എ.എസ്, ആനക്കാട്ട്പറമ്പിൽ, രാജപുരം | ഉണ്ട് | ഇല്ല | ഇല്ല |
| 11 | ലിസി ജയിംസ്, കാലോലിക്കലേ, രാജപുരം | ഉണ്ട് | ഇല്ല | ഇല്ല |
| 12 | സിജോ പി. ജോൺ, പള്ളികുടിയിൽ മുരിയ്ക്കാശേരി | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 13 | ഗോപാലകൃഷ്ണൻ, വടക്കേമുടിയിൽ, കീരിത്തോട് | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 14 | ഫിലിപ്പ്, എരുമറ്റത്തിൽ, കീരിത്തോട് | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 15 | ഗീത പി.എസ്, തോട്ടപ്പള്ളിൽ, അമ്പലമേട് | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 16 | നെജിമേരി മാത്യു, പറപ്പനാൽ, കട്ടിംഗ് | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 17 | സോമശേഖരൻ, കല്ലുങ്കൽ, മരിയാപുരം | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |

| | | | | |
|---|---|---|---|---|
| 18 | മാത്യു പത്രോസ്, ചെറുതോട്ടായിൽ, ഉദയാസിറ്റി | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഉണ്ട്. 50 രൂപ ഒടുക്കി | ഉണ്ട്. 4416/- |
| 19 | മോഹനൻ കെ.കെ, കോഴിക്കാട്ട്, വലിയമാവ് | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഇല്ല | ഇല്ല |
| 20 | തങ്കപ്പൻ, കവലയിൽ, വാഴത്തോപ്പ് | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 21 | ജിബി ടി.എൽ, തോട്ടുങ്കൽ, മുളകുവള്ളി | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഉണ്ട്. 4416/- |
| 22 | സ്റ്റീഫൻ അഗസ്റ്റിൻ, ഇല്ലിയാരിൽ, നാരകക്കാനം | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 23 | മീരാൻ.സി.എം, ചറങ്ങരപ്പുത്തൻപുരയിൽ, വാത്തിക്കുടി | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 24 | ഷീജ മനോജ്, വാതല്ലൂർകാലായിൽ, വാത്തിക്കുടി | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 25 | തോമസ്, താഴത്തുവീട്ടിൽ, ചുരുളി | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |
| 26 | ശിവൻ, തെങ്ങുംമൂടിയിൽ, നാരകക്കാനം | ഉണ്ട് | ഉണ്ട്. 50 രൂപ ഒടുക്കി | ഉണ്ട്. 4416/- |
| 27 | സീനാമ്മ സിജു, നടുതൊട്ടിയിൽ, മരിയാപുരം | ഇല്ല (ലേണേഴ്സ് ലൈസൻസ് മാത്രം) | ഉണ്ട്. 50 രൂപ ഒടുക്കി | ഇല്ല |

പദ്ധതി നടത്തിപ്പിലെ നടപടിക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ രേഖകൾ ലഭ്യമാക്കാതെ പദ്ധതി നിർവ്വഹിച്ചതിന്റെയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ആവശ്യകത മുൻകൂട്ടി നിർണയിക്കാതെ പല പ്രോജക്ടുകളിലും ക്രമവിരുദ്ധമായി സാധനങ്ങൾ വാങ്ങുന്നു.

തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള പ്രൊക്യുർമെന്റ് മാനവൽ നിർദ്ദേശിക്കും പ്രകാരം സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കേണ്ടതാണ്. എന്നാൽ, ബ്ലോക്ക്പഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണം നടത്തിയ ഘടകസ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ, ഫർണിച്ചർ, അനുബന്ധ സാമഗ്രികൾ (65/19) [ബിൽ നം.23/2018-19തീയതി.27.03.19 തുക-₹510400/-], ബ്ലോക്ക് റിസോഴ്സ് സെന്റർ ഫർണിച്ചർ, അനുബന്ധ സൗകര്യങ്ങൾ (89/19)[ബിൽ നം.22/2018-19തീയതി.27.03.19 തുക-₹249100/-], ഘടക സ്ഥാപനങ്ങൾക്കും മിനികോൺഫറൻസ് ഹാളിലേക്കും ഫർണിച്ചർ(90/19)[ബിൽ നം. 27/2018-19തീയതി.21.03.19 തുക-₹222550/-] എന്നീ മൂന്ന് പ്രോജക്ടുകളിലായാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് കസേരകൾ വാങ്ങിയത്. ഒരു പ്രോജക്ടായി വാങ്ങലുകൾ നടത്തിയാൽ ടെണ്ടർ/ക്വട്ടേഷൻ ചെലവുകൾ, സാധനങ്ങൾ ലഭിക്കുന്നതിലെ കാലതാമസം എന്നിവ ഒഴിവാക്കുന്നതിനും കൂടുതൽ മത്സരക്ഷമത ഉറപ്പാക്കുന്നതിനും സാധിക്കും. കൂടാതെ, വാങ്ങിയ ഫർണിച്ചറുകൾ നമ്പറിട്ട് സ്റ്റോക്ക് രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കാഞ്ഞാർ വാട്ടർഷെഡ് തീം പാർക്ക് നവീകരണം-പാഴ്ചെലവ്

കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ കാഞ്ഞാർ വാട്ടർ തീം പാർക്കിൽ നവീകരണം നടത്തുന്നതിനും ചെടികൾ നട്ടു വളർത്തുന്നതിനുമായി 2018-19 ൽ രണ്ട്

പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ കാഞ്ഞാർ വാട്ടർ തീം പാർക്ക് സൗന്ദര്യവത്കരണം എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.88/19) 11 ലക്ഷം രൂപ ചെലവഴിച്ച് പാർക്കിന് ചുറ്റും വേലി കെട്ടുകയും ടൈൽ പാകുകയും ചെയ്തു. നിലവിൽ പാർക്കിലെ വേലി നശിച്ച് കാട് പിടിച്ച് കിടക്കുകയാണ്.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ കാഞ്ഞാർ വാട്ടർഷെഡ് തീം പാർക്കിൽ തൈകൾ വച്ചു പിടിപ്പിക്കൽ എന്ന പ്രോജക്ടിൽ(പ്രോജക്ട് നം.123/19) വിവിധയിനം ചെടി തൈകൾ നടുന്നതിനായി ₹327650/-(ബിൽ നം.2/2018-19 തീ.23.03.19) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ നിന്നും ₹30750/- (ബിൽ നം. 1/2018-19 തി. 08.10.2018) മുൻ വർഷ പ്രോജക്ടായ കാഞ്ഞാർ വാട്ടർ തീം പാർക്കിൽ തൈകൾ നടീൽ (105/18) എന്ന പ്രോജക്ടിന്റെ ബാക്കി തുക നൽകുന്നതിനാണ് മാറിയിട്ടുള്ളത്. സ്പിൽ ഓവറായി പ്രോജക്ട് ഏറ്റെടുക്കാതെ തൻവർഷ പ്രോജക്ടിൽ നിന്നും തുക നൽകിയത് ക്രമവിരുദ്ധമാണ്. തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. 2018-19 ൽ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് തുക രേഖപ്പെടുത്തിയ ശ്രീ. ലിജു പി മാത്യുവിന് പ്രവർത്തിക്ക് കരാർ നൽകി. ₹172900/- ചെടിതൈകൾ വാങ്ങുന്നതിനും ₹29000/- വളത്തിനും ₹94100/- പണിക്കൂലിയിനത്തിലും ശ്രീ. ലിജു പി. മാത്യുവിന് നൽകിയിട്ടുണ്ട്. എന്നാൽ, പ്രവൃത്തി ചെയ്തതിന്റെ മസ്റ്റർ റോൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വാട്ടർ തീം പാർക്കിന് സംരക്ഷണം ഒരുക്കിയിട്ടില്ലാത്തതിനാൽ പാർക്കിൽ 2017-18 ൽ നട്ട തെങ്ങിൻ തൈകളും 2018-19 ൽ നട്ട ചെടികളും പൂർണ്ണമായും നശിക്കുകയും വള്ളിപ്പടർപ്പുകളും കാട്ടു ചെടികളും വളർന്ന് പാർക്ക് നാശോന്മുഖമായിരിക്കുകയുമാണ്. കൂടാതെ, പാർക്ക് നിലവിൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറി. പാർക്ക് സംരക്ഷിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച പദ്ധതി പണം പാഴ്ചെലവായി മാറി. പാർക്ക് നവീകരണത്തിനായി ചെലവഴിച്ച ₹358400/-യുടെ ചെലവ് തടസപ്പെടുത്തുന്നു. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടേണ്ടതും പാർക്ക് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം-3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.05.2019-21.05.2019 | കെ.എസ്.എ.ഐ.ഡി.കെ-3/521/2019(5)തീയതി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | - | ജനകീയാസൂത്രണപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | - |
| 1998-99 | - | 2002-03 | 32 | മത്സ്യബൂത്തിന് അനധികൃതമായി തുക നൽകി | - |
| 1998-99 | - | 2002-03 | 33 | ബോധവത്കരണ വൈദ്യസഹായ ക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | - |
| 1999-00 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ് -ധനാപഹരണം | - |
| 2001-02 | 2(2) | 2004-05 | 6(1) | ഫോട്ടോ കോപ്പിയറിന് അധിക തുക നൽകി | |
| 2005-06 | 3-6 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

- ഇല്ല -

ബി) സർചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1995-96 & 96-97 | 22 | അധിക നിരക്കിൽ വീട്ടുവാടക നൽകിയത് - 1,209/- നിരാകരണം. (373+94+ 95+ 13+634) | LF.15178/ Spl.Cell/ C2/ 2000/ 18.10.2001 | 373, 634 | – | | – | – | – | – | 373634 | – |
| 2 | 1995-96 & 96-97 | 23 (1) | അധിക യാത്രാപ്പടി നൽകിയത് നിരാകരിക്കുന്നു. 3,120/- | LF.15178/ Spl.Cell/ C2/ 2000/ 18.10.2001 | 3120 | 3120 | | | | | | LFI-3/364/2003/ 10.6.2003പ്രകാരം തുകയുടെ (3120/-) ഒടുക്കു വിവരം ബോധ്യപ്പെട്ടു | |
| 3 | 1998-99 | 34 | കെ. ആർ മൻമദൻ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | LF.19377/ sc2/02/ 30.5.03 | 30000 | | | | | | | 30000 | |
| 4 | 1998-99 | 20, 21, 31(1,2),32 | എ. തങ്കപ്പൻ, ബി.ഡി.ഒ. | LF.19377/ SC2/02/ 1.11.03 | 66732 | | | | 31(2) WP(C) 2898/ 2010 Hon'ble HC, Kerala | | ഒ.പി.നം. 6/2004, തീ.2.2.07 പ്രകാരം നടപടികൾ ഒഴിവാക്കി | | |
| 5 | 1998-99 | 33(1) | അഗസ്റ്റിൻ തോമസ് | LF.19377 /SC2/ 02/dt. 12.06.03 | 8530 | | | | | | | 8530 | |
| 6 | 1998-99 | 42 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.19377/ SC2/ 02/ dt. 12.06.03 | 30000 | | | | | | | 30000 | |
| 7 | 1999-00 | 31 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 9000 | – | | – | – | – | – | 9000 | – |
| 8 | 1999-00 | 29, 30 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300 | – | | – | – | – | – | 21300 | – |
| 9 | 1999-00 | 29, 30, 27, 31 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300+ 20000 (പലിശ) | – | | – | – | – | – | 21300+ 20000 | – |
| 10 | 2001-02 | 2.2 | സി.എസ്. ഗോപിനാഥൻ, സെക്രട്ടറി | LF.6045/ Spl.Cell/ SC2/ 2006/ 21.8.06 certificate date . 27.12.06 | 49547 | – | | – | – | – | – | 49547 | – |
| 11 | 2009-10 | 3.12 | – | – | 5950 | – | | – | – | – | – | 5950 | – |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 132046190 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89854592 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2615719 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | ഇല്ല | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1313270 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കഞ്ഞിക്കുഴി |
| 1-13 | 810000 | 210000-പട്ടികജാതി വികസന ഓഫീസർ<br>600000-പട്ടികവർഗ്ഗ വികസന ഓഫീസർ |
| 1-17 | 134049 | ശിശു വികസന ഓഫീസർ |
| 1-19 | 358400 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| | 2615719 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ: 1-15, 1-16

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.കെ.അയ്യപ്പൻ, അസിസ്റ്റന്റ് | അസിസ്റ്റന്റ് എഞ്ചിനിയർ, അടിമാലി | കാവുങ്കൽ പറമ്പിൽ വീട് |

| | | |
|---|---|---|
| എഞ്ചിനിയർ | ഗ്രാമപഞ്ചായത്ത് | കോട്ടപ്പടി പി.ഒ<br>നാഗംചേരി, കോതമംഗലം<br>എറണാകുളം ജില്ല |
| ഡോ. സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കഞ്ഞിക്കുഴി | വാഴമയലിൽ, മുരിയ്ക്കാശേരി പി.ഒ, രാജമുടി |
| ശ്രീമതി. കെ.പി. സെലീനാമ്മ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, അറക്കുളം | പൊട്ടനാക്കുന്നേൽ,<br>കടയത്തൂർ-685590 |
| ശ്രീമതി ശാലിനി പ്രഭ, സി.ഡി.പി.ഒ. | സി.ഡി.പി.ഒ., വടവുകോട് ബ്ലോക്ക് | തേവർമഠത്തിൽ,<br>കുന്നക്കൽ-682316 |
| ശ്രീ. സതീശൻ പി.എൻ, എസ്.ഇ.ഡി.ഒ | എസ്.ഇ.ഡി.ഒ, ഇടുക്കി ബ്ലോക്ക് | പാറയിൽ,<br>വെസ്റ്റ് കോടിക്കുളം |
| ശ്രീമതി ലിജി.കെ.ഡി, ടി.ഇ.ഒ | ടി.ഇ.ഒ, ഇടുക്കി ബ്ലോക്ക് | കാഞ്ഞിരംകുഴി,<br>അറക്കുളം.പി.ഒ<br>കാവുംപടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ.-3/488/99/ 08.01.99/31.05.99 | | |
| 1997-98 | എൽ.എഫ്.ഐ.3/489/99/ 27.02.99/31.05.99 | | |
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | | |
| 1999-2000 | എൽ.എഫ്.ഐ.3/82/02/253/02/ 11.07.02 | | |
| 2000-01 | എൽ.എഫ്.ഐ.3/445/03/ 07.11.03/29.11.2003 | | |
| 2001-02 | എൽ.എഫ്.ഐ.4/230/04/ 04.11.04/11.01.05 | | |
| 2002-03 | ചെലവ് ഓഡിറ്റ് മാത്രം | | |
| 2003-04, 2004-05, 2005-06 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | | |
| 2006-07 | എൽ.എഫ്.ഐ-4/445/12/20.6.12 | 13 | 2-1,2-2, 2-3,<br>3-1 മുതൽ 3-10 വരെ |
| 2007-08 | എൽ.എഫ്.ഐ-4/446/12/20.6.12 | 12 | 2-1 മുതൽ 2-4 വരെ,<br>3-1 മുതൽ 3-8 വരെ |
| 2008-09 | എൽ.എഫ്.ഐ-4/682/12/20.6.12 | 6 | 3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-4/1138/13/6.11.13 | 12 | 2-1, 2-2, 3-1,<br>3-2, 3-4 മുതൽ<br>3-12 വരെ |
| 2010-11 | എൽ.എഫ്.ഐ-4/271/14/8.7.14 | 11 | 2-1 മുതൽ 2-3 വരെ, 3-1,3-3 |

| | | | |
|---|---|---|---|
| | | | മുതൽ 3-9 വരെ |
| 2011-12 & 12-13 | എൽ.എഫ്.ഐ-13/1366/14/ 12.12.14 | 12 | 3-1 മുതൽ 3-12 വരെ |
| 2013-14 & 14-15 | കെ.എസ്.എ.എ.െ.ഡി.കെ-13/515/ 17/ 1.6.17 | 12 | 2-1, 3-1 മുതൽ 3-10 വരെ, 3-12 |
| 2015-16 | കെ എസ് എ-ഐ ഡി കെ.-13/286/ 17/ 28.2.18 | 11 | 1-12, 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.4/1619 / 17/14.12.17 | 11 | 1-12, 2-2,2-3, 3-1 മുതൽ 3-8 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/120/19 തി. 25.03.2019 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-13/1028/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:30.01.2020
E-mail : doidk.ksad@kerala.gov.in
Ph : 04862-227332

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA-IDK-13/1028/2019

Kerala State Audit Department

District Audit Office, Idikki
Dated : 30.01.2020
Ph No : 04862 227332
E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of IDUKKI Block Panchayath in Idukki District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of IDUKKI Block Panchayath for the 2018-19, except the observations in my Audit Report properly presents the picture of Income and Expenditure.

SENIOR DEPUTY DIRECTOR
IDUKKI